# ‘സഹവിശ്വാസികൾക്കായുള്ള പ്രാർത്ഥന’

## ഫിലിപ്പ്യർ 1:06

“ഞാൻ നിങ്ങളെ ഓർക്കുമ്പോൾ ഒക്കെയും എന്റെ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു”

ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് പകരുന്നതോടൊപ്പം അവരെ നിരന്തരം കർത്താവിലും അവന്റെ വചനത്തിലും വളരുന്നതിനും യഥാർഥ ക്രിസ്തീയ അനുഭവം കൈവരിക്കുന്നതിനും ഉത്സാഹിതരാക്കുക എന്നത് പൗലോസിന്റെ ലേനങ്ങളിൽ പൊതുവെ നോക്കിയാൽ കാണുന്ന ഒരു കാര്യമാണ്. തന്റെ ജീവിതത്തിൽ താൻ അനുഭവിച്ചറിഞ്ഞ കർത്താവിനെ അതേപടി മറ്റുള്ളവരിലേക്ക് പകരുകയാണ് പൗലോസ് തന്റെ ശുശ്രൂഷയിലൂടെ ചെയ്തത്. കാരണം തന്റെ ജീവിതത്തിൽ കർത്താവിനെ അറിഞ്ഞതുമുതൽ അവനെ മാത്രം സങ്കേതമാക്കിയുള്ള ഒരു ജീവിതമാണ് പൗലോസ് നയിച്ചത്. അതു തന്നെയാണ് നാം മേൽപറഞ്ഞ വചനത്തിലും കണ്ടത്. തന്നേക്കാളുപരി ദൈവമക്കൾക്കും തന്റെ കൂട്ടു സഹോദരങ്ങൾക്കും വേണ്ടി ജീവിതം ഉഴിഞ്ഞു വെക്കുക എന്നു പറയുന്നത്, വസ്തവത്തിൽ കർത്താവ് കാണിച്ച അതേ മാതൃക പൗലോസ് പിന്തുടരുകയാണിവിടെ. അങ്ങനെയുള്ള ഒരാൾക്കു മാത്രമേ ഇപ്രകാരം പറയുവാനും പ്രവൃത്തിക്കുവാനും കഴിയുകയുള്ളൂ. മറ്റുള്ളവരെക്കുറിച്ചോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുക.

നാം നമ്മുടെ ജീവിതത്തിലേക്കു നോക്കിയാൽ നമുക്കും ദൈവം അനേകം നന്മകളാലും അനുഗ്രഹങ്ങളാലും നിറച്ചിരിക്കുകയാണ്. എന്നാൽ നാം ഇന്നു നമുക്ക് ജീവിതത്തിൽ ലഭിച്ചതിനെല്ലാം ദൈവത്തോട് നന്ദിയുള്ളവരായിട്ടാണോ ജീവിക്കുന്നത്. നമ്മുടെ ജീവിതത്തിൽ നമുക്ക് തന്ന മതാപിതാക്കൾ, നമ്മുടെ പങ്കാളി, നമ്മുടെ കുഞ്ഞുങ്ങൾ, നമ്മുടെ കൂട്ടുസഹോദരങ്ങൾ അങ്ങനെ നമ്മുടെ ജീവിതത്തിൽ നമ്മോടൊപ്പം ആയിരിക്കുന്നവർക്കു വേണ്ടി നാം ദൈവത്തിനു എപ്പോഴെങ്കിലും നന്ദി പറയുവാനും അവരെ നമ്മുടെ ജീവിതത്തിൽ നിലനിർത്തിയിരിക്കുന്നതിന്റെ ആവശ്യകതയെയും ദൈവ പദ്ധതികളെയും ഓർത്ത് നാം ദൈവത്തിനു സ്തോത്രം കരേറ്റാനും ഇടയായിട്ടുണ്ടോ? വളരെയധികം ചിന്തിക്കേണ്ട ഒരു കാര്യമാണ്.

ഒരു പക്ഷെ നാം ദൈവസന്നിധിയിൽ ചെല്ലുമ്പോൾ ആദ്യം ദൈവത്തോട് നമുക്ക് വേണ്ടുന്ന കാര്യങ്ങളെല്ലാം അവതരിപ്പിക്കും, അതിനു ശേഷം സമയം ലഭിക്കുകയാണെങ്കിൽ മറ്റുള്ളവർക്കു വേണ്ടിക്കൂടി ഒന്നു പ്രാർഥിക്കും. ഇങ്ങനെയല്ലേ

നമ്മുടെ ജീവിതത്തിലെ നിത്യ പ്രാർഥനകൾ. നാം ഇനിയും ഇങ്ങനെ ഒതുങ്ങിക്കഴിഞ്ഞാൽ മതിയോ എന്നു നാം തന്നെ ഒന്നു ചിന്തിച്ചു ജീവിതത്തെ ക്രമീകരിക്കേണ്ടതുണ്ട്. കാരണം കർത്താവ് തന്നെ പറയുന്നുണ്ട് 'കൂട്ടുകാരനു വേണ്ടി സ്വന്ത ജീവനെ നൽകുന്നതിലും വലിയ സ്നേഹം വേറെയില്ല'' എന്ന്. നമ്മുടെ കർത്താവ് നമുക്ക് കാണിച്ചു തന്നത് അതു തന്നെയല്ലെ. നാം ഒരു പക്ഷെ വലിയ വലിയ അനുഗ്രഹങ്ങൾ നമ്മുടെ ജീവിതത്തിൽ ലഭിക്കുന്നതിനു വേണ്ടി ആഗ്രഹിക്കുമ്പോൾ ദൈവം നമുക്ക് നമ്മുടെ ജീവിതത്തിൽ നൽകി തന്നിരിക്കുന്ന ഈ വക ചെറിയ കാര്യങ്ങളെ നാം അവഗണിച്ചു കളയരുത്.

നമുക്ക് ജീവിതത്തിൽ നൽകപ്പെട്ടിരിക്കുന്ന നമ്മുടെ സഹവിശ്വാസി സമൂഹത്തിനു വേണ്ടി പ്രാർഥിക്കുക എന്നത് നമ്മുടെ ഒരു വലിയ കടമയാണ്. അതു നാം മറന്നു പോകരുത്. അങ്ങനെയെങ്കിൽ ദിനം തോറും അനേകർക്കു വേണ്ടി ദൈവത്തോട് മദ്ധ്യസ്ഥം അണപ്പാൻ ദൈവത്തിന്റെ അതി പരിശുദ്ധറൂഹാ നമ്മെ ഇടയാക്കട്ടെ എന്നു പ്രർഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറകട്ടെ.

പരാമർശം :

റോമർ 1:8–9

''നിങ്ങളുടെ വിശ്വാസം സർവ്വലോകത്തിലും പ്രസിദ്ധമായിരിക്കുന്നതിനാൽ ഞാൻ ആദ്യം തന്നേ എന്റെ ദൈവത്തിനു യേശുക്രിസ്തുമുാന്തരം നിങ്ങൾക്കെല്ലാവർക്കും വേണ്ടി സ്തോത്രം ചെയ്യുന്നു. ഞാൻ ഇടവിടാതെ നിങ്ങളെ ഓർത്തുകൊണ്ടു ദൈവേഷ്ടത്താൽ എപ്പോൾ എങ്കിലും നിങ്ങളുടെ അടുക്കൽ വരുവാൻ സാധിക്കേണ്ടതിന്നു എന്റെ പ്രാർത്ഥനയിൽ എപ്പോഴും യാചിക്കുന്നു''

ബ്രദർ. ബിനു ബേബി ആലപ്പുഴ 072